പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1398 — 22/03/2013-ൽ മറുപടിക്ക്

## കലാകാര പെൻഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ.കെ.സി.ജോസഫ്<br>ബഹു : ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ മന്ത്രി |
| എ) കലാകാര പെൻഷനു വേണ്ടി കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ശ്രീ.വേലായുധൻ നായർ സമർപ്പിച്ച അപേക്ഷയുമായി ബന്ധപ്പെട്ട് സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ എ 3/5025/2012 നമ്പർ ഫയലിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ; | എ) ശ്രീ.വേലായുധൻ നായർ മുണ്ടയ്ക്കൽ വീട്,പൂഴിക്കോൽ പി.ഒ,കടുത്തുരുത്തി,കോട്ടയം എന്ന വ്യക്തിക്ക് 2012 ഡിസംബർ മുതൽ കലാകാര പെൻഷൻ അനുവദിച്ച് 11/12/2012 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത ഫയൽ ഇപ്പോൾ സാംസ്കാരിക വകുപ്പിൽ ഏത് സെക്ഷനിലാണ് കൈകാര്യം ചെയ്യുന്നത്;ഫയൽ നമ്പർ വ്യക്തമാക്കാമോ; പ്രസ്തുത പെൻഷൻ അപേക്ഷയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; പ്രസ്തുത ഫയലിൽ എന്നേക്ക് തീരുമാനം കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ ; | ബി) സാംസ്കാരികകാര്യ വകുപ്പിൽ 6618/സി 3/2012/സി.എ.ഡി എന്ന നമ്പറിൽ നടപടി സ്വീകരിക്കുകയും 11/12/2012 ൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ച് ഫയൽ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. |
| സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പേർക്ക് കലാകാര പെൻഷൻ അനുവദിച്ചു;എത്ര രൂപയാണ് പ്രതിമാസ പെൻഷൻ തുകയെന്നറിയിക്കുമോ? | സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 1072 പേർക്ക് പുതിയതായി കലാകാര പെൻഷൻ അനുവദിച്ചിട്ടുണ്ട്. 550/- രൂപയാണ് പ്രതിമാസ പെൻഷൻ തുക. 2013-14 വർഷം മുതൽ ഇതു വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

Sheela H

സെക്ഷൻ ഓഫീസർ